## ഹയർ സെക്കണ്ടറി സ്കൂളുകളിൽ 2016-17 ൽ അനുവദിച്ച സ്വാശ്രയ എൻ.എസ്.എസ് യൂണിറ്റുകൾ റദ്ദു ചെയ്തു കൊണ്ടുള്ള ഹയർ സെക്കണ്ടറി ഡയറക്ടറുടെ ഉത്തരവ്

---

ഉത്തരവ് നം.74/എൻഎസ്എസ്/ഡിഎച്ച്എസ്ഇ/2016 20 /08/2016

---

വിഷയം : ഹയർ സെക്കണ്ടറി സ്കൂളുകളിൽ 2016-17 ൽ അനുവദിച്ച 9 സ്വാശ്രയ എൻഎസ്എസ് യൂണിറ്റുകൾ റദ്ദ് ചെയ്യുന്നത് -സംബന്ധിച്ച്

പരാമർശം : ഹയർ സെക്കണ്ടറി ഡയറക്ടറുടെ ഉത്തരവ് നം. 74/എൻഎസ്എസ്/ഡിഎച്ച്എസ്ഇ/2016 തീയതി 19/07/2016

### ഉത്തരവ്

പരാമർശ ഉത്തരവ് പ്രകാരം ഹയർ സെക്കണ്ടറി തലത്തിൽ 2016-17 അധ്യയന വർഷത്തിൽ 212 ഹയർ സെക്കണ്ടറി സ്കൂളുകളിൽ സ്വാശ്രയ എൻഎസ്എസ് യൂണിറ്റ് അനുവദിച്ചിരുന്നു. ഈ സ്കൂളുകളിലെ പ്രിൻസിപ്പലിനും പ്രോഗ്രാം ഓഫീസർമാർക്കുമായി യൂണിറ്റ് ആരംഭിക്കുന്നതിനു വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനായി 28/07/2016 മുതൽ 31/07/2016 വരെ മൂന്ന് ഘട്ടങ്ങളിലായി ദ്വിദിന ശിൽപശാല സംഘടിപ്പിച്ചതിൽ പങ്കെടുക്കാത്ത സ്കൂളുകളിലെ പ്രിൻസിപ്പൽമാരോടും പ്രോഗ്രാം ഓഫീസറോടും 5/08/2016 ന് മുൻപായി വിശദീകരണം ബോധിപ്പിക്കാൻ ഹയർ സെക്കണ്ടറി ഡയറക്ടർ ഉത്തരവായിരുന്നു.

പ്രിൻസിപ്പൽമാരും പ്രോഗ്രാം ഓഫീസർമാരും ശിൽപശാലയിൽ നിന്ന് വിട്ടു നിൽക്കുകയും അതിനുള്ള വിശദീകരണം നൽകാതിരിക്കുകയും ചെയ്ത സാഹചര്യത്തിൽ ചുവടെ ചേർക്കുന്ന സ്കൂളുകളിലെ എൻഎസ്എസ് യൂണിറ്റിനുള്ള അംഗീകാരം റദ്ദ് ചെയ്ത് ഉത്തരവാകുന്നു.

1. ക്രൈസ്റ്റ് നഗർ ഇ എച്ച്എസ്എസ് കവടിയാർ, തിരുവനന്തപുരം
2. ഫോക്കസ് ഐഇഎച്ച്എസ്എസ്, തൃശ്ശൂർ
3. സെന്റ് ജോസഫ്സ് സിജിഎച്ച്എസ്എസ് തൃശ്ശൂർ
4. ജിറ്റിഎച്ച്എസ്എസ് പുതൂർ, അട്ടപ്പാടി, പാലക്കാട്
5. ഗോഖലെ ജിഎച്ച്എസ്എസ് കുമരനല്ലൂർ, പാലക്കാട്
6. ജിജിഎച്ച്എസ്എസ് പറയഞ്ചേരി, കോഴിക്കോട്
7. ജിഎച്ച്എസ്എസ് ഇരിങ്ങല്ലൂർ, കോഴിക്കോട്
8. കൂത്തുപറമ്പ എച്ച്എസ്എസ് കണ്ണൂർ
9. താജുൽ ഉലൂം ഇഎംഎച്ച്എസ്എസ് വളപട്ടണം, കണ്ണൂർ

ഒപ്പ്
ഡയറക്ടർ